# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2062 — 07.03.2017 — ൽ മറുപടിക്ക്

### സാർവ്വത്രിക റേഷൻ സമ്പ്രദായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം. രാജഗോപാലൻ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>വകുപ്പുമന്ത്രി) |
| (എ) സാർവ്വത്രിക റേഷൻ സമ്പ്രദായം നിലവിലുള്ള കേരളത്തിൽ ഭക്ഷ്യ വിതരണം കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ബയോമെട്രിക് സംവിധാനം ഏർപ്പെടുത്തുന്നതിനും റേഷൻ വിതരണസംവിധാനത്തിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട് ഭക്ഷ്യ ഭദ്രത നിയമപ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ അളവ്, അഡ്ഹോക്ക് വിഹിതമുൾപ്പെടെ സംസ്ഥാനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ കുറവായതിനാൽ, ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് ലഭ്യമാകുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് പുനർ നിർണ്ണയിക്കുന്നതിനും സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും റേഷൻ നൽകുന്നതിനാവശ്യമായ ഭക്ഷ്യധാന്യം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും വകുപ്പുമന്ത്രി തലത്തിലും ബഹു. മുഖ്യമന്ത്രി തലത്തിലും കേന്ദ്ര സർക്കാരുമായി ടി വിഷയത്തിൽ നേരിട്ട് കൂടിക്കാഴ്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഭക്ഷ്യ വിതരണം കാര്യക്ഷമമാക്കുന്നതിനായി OMSS/ഇക്കണോമിക് നിരക്കുകളിൽ ഭക്ഷ്യധാന്യം ലഭ്യമാക്കിയും വിതരണം നടത്തുന്നുണ്ട്. |

(ബി) എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ മിതമായ നിരക്കിൽ ഭക്ഷ്യ ധാന്യങ്ങൾ ഉറപ്പ് വരുത്തിയും ദരിദ്രരായവർക്ക് ഇവ സൗജന്യമായി നൽകിയും ഭക്ഷ്യ വിതരണം കുറ്റമറ്റതാക്കാൻ നടപടികൾ ഉണ്ടാകുമോ?

(ബി) ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം ആകെ ലഭ്യമായ 14.25 ലക്ഷം മെ.ടൺ ഭക്ഷ്യ ധാന്യങ്ങളിൽ മുൻഗണനാ വിഭാഗത്തിന് വേണ്ടി വരുന്ന 10.25 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യങ്ങൾക്കുപരിയായി ടൈഡ് ഓവർ വിഹിതമായി ഇപ്പോൾ ലഭ്യമായിക്കൊണ്ടിരിക്കുന്ന 4 ലക്ഷം മെ.ടൺ ഭക്ഷ്യ ധാന്യങ്ങൾ മുൻഗണനേതര വിഭാഗങ്ങൾക്ക് നൽകി വരുകയാണ്. മുൻഗണനാ/എ.എ.വൈ. പട്ടികയിൽപ്പെട്ടവർക്ക് ഭക്ഷ്യ ധാന്യങ്ങൾ സൗജന്യമായാണ് വിതരണം ചെയ്യുന്നത്. മുൻഗണനേതര വിഭാഗത്തിൽ സബ്സിഡി ലഭിക്കുന്നതിന് അർഹതയുള്ള കുടുംബങ്ങളെ കണ്ടെത്തി ഒരാൾക്ക് 2 കി.ഗ്രാം എന്ന ക്രമത്തിൽ കി.ഗ്രാമിന് 2/- രൂപ നിരക്കിൽ അരി നൽകി വരുന്നു. മുൻഗണനേതര വിഭാഗത്തിൽപ്പെട്ട ബാക്കിയുള്ളവർക്ക് കാർഡിന് 6 കി.ഗ്രാം ഭക്ഷ്യ ധാന്യം അരി കി.ഗ്രാമിന് 8.90 രൂപ നിരക്കിലും ഗോതമ്പ് കി.ഗ്രാമിന് 6.70 രൂപ നിരക്കിലും നിലവിൽ നൽകി വരുന്നു.

*സെക്ഷൻ ഓഫീസർ*